(7) കോളേജുകളിൽ റഗുലർ ലക്ചറർമാരുടെ നിയമനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, 1-6-1997 മുതൽ കോളേജുകളിൽ റഗുലർ ലക്ചറർമാരുടെ നിയമനം നിരോധിച്ചതുമൂലം എം.ഫിൽ., പി.എച്ച്.ഡി. തുടങ്ങിയ ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലേക്കാണ് ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കോളേജുകളിൽനിന്ന് പ്രീഡിഗ്രി കോഴ്സ് വേർപെടുത്തിയതുമൂലമാണ് ഈ നിരോധനമേർപ്പെടുത്തിയതെന്ന് പറയുന്നു. ഇപ്പോൾ തന്നെ മുന്നു വർഷത്തേക്ക് ഏർപ്പെടുത്തിയിരിക്കുന്ന നിരോധനം ഇനിയും രണ്ടോ മൂന്നോ വർഷത്തേക്കു നീണ്ടേക്കാമെന്ന് കേൾക്കുന്നു. യു.ജി.സി. ദേശീയാടിസ്ഥാനത്തിൽ നടത്തുന്ന ജെ.ആർ.എഫ്., എൻ.ഇ.ടി. തുടങ്ങിയ യോഗ്യതാപരീക്ഷകൾ ഉയർന്ന നിലവാരത്തിൽ പാസ്സായവരെയാണ് ഈ നിരോധനം പ്രതികൂലമായി ബാധിക്കുന്നത്. ദീർഘനാളായി നിരോധനം നിലനിൽക്കുന്നതിനാലും ഈ അടുത്തകാലത്ത് കോളേജുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിച്ചിട്ടുള്ളതിനാലും കോളേജുകളിൽ ഒട്ടേറെ ഒഴിവുകളുണ്ടായിട്ടും ഈ നിരോധനംമൂലം നിയമനം നടത്തുവാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. വർഷങ്ങൾ നീളുന്ന ഈ നിരോധനംമൂലം ഒട്ടേറെ ഉദ്യോഗാർത്ഥികളുടെ പ്രായപരിധി കഴിയുകയും തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ അവരുടെ മുൻപിൽ ഒരു ജോലിയ്ക്കുള്ള സാദ്ധ്യത എന്നെന്നേക്കുമായി കൊട്ടിയടക്കപ്പെടുകയുമാണ്. നിരോധനം നിലനിന്നകാലം ഉദ്യോഗനിയമനത്തിനുള്ള പ്രായപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ടും, നിരോധനം നീക്കി നിയമന സാദ്ധ്യത ഉറപ്പുവരുത്തിക്കൊണ്ടും ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പ്രീഡിഗ്രി കോളേജുകളിൽനിന്നും ഡിലിങ്ക് ചെയ്യുമ്പോൾ സ്വാഭാവികമായും ഗവൺമെന്റ് സ്ഥാപനങ്ങളിലും സഹകാര്യ കോളേജുകളിലും നിരവധി തസ്തികകൾ കൂടുതലായി ഉണ്ടാകും. ആവശ്യത്തിലേറെ അദ്ധ്യാപകർ അവിടെയുണ്ടാകുമെന്ന് കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ നിയമസഭ തന്നെയാണ് പ്രീഡിഗ്രി അബ്സോർപ്ഷൻ നിയമനം പാസ്സാക്കിയിട്ടുള്ളത്. അപ്പോൾ താൽക്കാലികമായി ഈ ഒഴിവുകൾ നികത്താൻ കുറെയേറെ അദ്ധ്യാപകരുണ്ടാകും. പക്ഷേ ചില ഡിപ്പാർട്ടുമെന്റുകളിൽ ഇടവേളയിൽ ആവശ്യത്തിന് അദ്ധ്യാപകർ ഉണ്ടാവുകയില്ല. അതിന് ഗസ്റ്റ് ലക്ചറർമാരെ നിയമിച്ച് ഈ പ്രശ്നം പരിഹരിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്. ഇവിടെ ഉന്നയിച്ച ഒരു കാര്യം, ഈ കാലയളവിൽ പ്രായപരിധി കഴിഞ്ഞുപോകുന്ന ഉദ്യോഗാർഥിയുടെ കാര്യമാണ്. അത് പ്രത്യേകമായി പരിശോധിക്കാം.

(8) കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി പ്രസ്സ് ആക്കി മാറ്റാൻ നടപടി

ശ്രീ. കെ. ബാബു : സർ, എറണാകുളത്തെ തൃക്കാക്കരയിൽ പ്രവർത്തിക്കുന്ന കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി എന്നുപറയുന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളാകെ ഇന്ന് സ്തംഭിച്ചിരിക്കുകയാണ്. ഈ സ്ഥാപനം പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുവേണ്ടി മാത്രമായി 1976-ൽ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സൊസൈറ്റി ആന്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ടിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച സ്ഥാപനമാണ്. അച്ചടിയുടെ കാര്യി

LIBRARY ARCHIVES Kerala Legislative Assembly

റ്റിയുടെ കാര്യത്തിൽ ഏറ്റവും മികച്ച നിലവാരം പുലർത്തിയിരുന്ന ഒരു സ്ഥാപനമാണ്. ഇവിടെ 377 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. കുറച്ചുകാല മായി ആ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളാകെ സ്തംഭിച്ചിരിക്കുകയാണ്. പുസ്തകം അച്ചടിക്കുന്നതിനുള്ള പേപ്പർ കൊടുക്കേണ്ടത് ഗവൺമെന്റിൽനി ന്നാണ്. പേപ്പർ കൃത്യസമയത്ത് കൊടുക്കാറില്ല. അതുപോലെതന്നെ ഇവിടെ യുള്ള മെഷിനറിയെല്ലാം 1976-ൽ സ്ഥാപിച്ചതാണ്. കാലാകാലങ്ങളിൽ മെഷി നറി റിപ്ലേസ്മെന്റ് നടക്കുന്നില്ല. അതിന്റെ മെയിന്റനൻസൊന്നും നടക്കുന്നി ല്ല. അങ്ങനെ പൊതുവെ ഈ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം അനിശ്ചി തത്വം നിലനിൽക്കുകയാണ്. ജീവനക്കാരുടെ കാര്യം പറഞ്ഞായി 1993-ൽ ഇട ക്കാലാശ്വാസമായി 350 രൂപ നൽകിയിട്ടുണ്ട്. അതിനുശേഷം കരാർ പുതു ക്കാൻ കഴിഞ്ഞിട്ടില്ല. ഏഴെട്ട് വർഷമായി ഇവിടത്തെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കാൻ കഴിഞ്ഞിട്ടില്ല. ഇതെ ല്ലാംകൂടി കണക്കിലെടുത്തുകൊണ്ട് ഈ സ്ഥാപനത്തെ വിദ്യാഭ്യാസവകുപ്പ് നേരിട്ട് ഏറ്റെടുക്കുകയോ, അല്ലെങ്കിൽ ഇത് ഗവൺമെന്റ് പ്രസ്സാക്കി മാറ്റു കയോ ചെയ്യണമെന്നുള്ള ആവശ്യം ശക്തമായി ഉയർന്നുവന്നിട്ടുണ്ട്. അതു മായി ബന്ധപ്പെട്ട ഫയലുകൾ എല്ലാം അങ്ങയുടെ കൈയിലോ അല്ലെങ്കിൽ ഇതിന്റെ നേരിട്ട് ചുമതലയുള്ള മന്ത്രി ശ്രീ. ടി.കെ. രാമകൃഷ്ണന്റെ കൈയിലോ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ കാര്യത്തിൽ അടിയ ന്തിരമായ ഒരു തീരുമാനമെടുത്ത് ഈ സ്ഥാപനത്തെ സംബന്ധിച്ചുള്ള അനി ശ്ചിതത്വം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയുടെ പ്രവർത്തന ങ്ങൾ കുറെക്കൂടി കാര്യക്ഷമമാക്കാനുള്ള ചർച്ചകൾ നടന്നിട്ടുണ്ട്. ഇത് മോഡേണൈസ് ചെയ്യണമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഇതിന് പരിഹാരമായി ഇത് ഒരു ഗവൺമെന്റ് പ്രസ്സ് ആക്കി മാറ്റുകയാണോ എന്നു ള്ളത് വളരെ പരിശോധിക്കേണ്ട കാര്യമാണ്. സൊസൈറ്റി രൂപീകരിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽനിന്നും നമ്മൾ പിന്നോട്ടു പോകുകയായിരിക്കുമെന്നുള്ള അഭിപ്രായവും ഉയർന്നുവരുന്നുണ്ട്. എല്ലാ കാര്യങ്ങളും ഒന്നുകൂടി സമഗ്രമായി പരിശോധിച്ച് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(9) ഗവൺമെന്റ്-സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, സംസ്ഥാനത്തിലെ എയ്ഡഡ് വിദ്യാ ഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ചും സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും നടത്തുന്നതുമായ ആയിരത്തോളം വരുന്ന ഹോസ്റ്റലുകളിലെ പതിനയ്യായിര ത്തിൽപ്പരം ഹോസ്റ്റൽ തൊഴിലാളികൾക്ക് ഗവൺമെന്റ് അംഗീകാരമോ ആനു കൂല്യങ്ങളോ ഒന്നും ഇന്ന് ലഭിക്കുന്നില്ല. ഇവരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ട് 13 വർഷത്തിലേറെയായി. ഹോസ്റ്റലുകൾ ഷോപ്സ് ആന്റ് കമേ ഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റായിട്ടാണ് കണക്കാക്കപ്പെട്ടുവരുന്നതെന്നതിനാൽ തൊഴിൽ നിയമങ്ങളനുസരിച്ച് ഹോസ്റ്റൽ തൊഴിലാളികൾക്ക് വീക്കിലി ഓഫ്, കാഷ്വൽ ലീവ്, പ്രിവിലേജ് ലീവ്, മെഡിക്കൽ ലീവ്, നാഷണൽ ഹോളിഡേ, ഫെസ്റ്റിവൽ ലീവ് എന്നിവയ്ക്ക് അർഹതയുണ്ട്. വനിതാ ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയ ആറ് ആഴ്ചക്കാലത്തെ പ്രസവാവധിയ്ക്കും ബത്തയ്ക്കും അർഹതയുണ്ട്. മിനിമം ബോണസ്, ഗ്രാറ്റുവിറ്റി, ഇ.എസ്.ഐ.

LIBRARY ARCHIVES Kerala Legislative Assembly